(എ) നെയ്യാറിന്റെ പടിഞ്ഞാറെക്കരയിൽ തിരുപുറം മാവിളക്കടവ് ബണ്ടിൽ കുറുത്ത എന്ന സ്ഥലത്തെ കല്ലടുക്ക് പൂർണ്ണമായും തകർന്നിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിയന്തിരമായി പ്രസ്തുത ബണ്ട് കല്ലടുക്കി സംരക്ഷിച്ചില്ലായെങ്കിൽ തിരുപ്പുറം പഞ്ചായത്ത് പ്രദേശം വെള്ളത്തിനടിയിലാകും എന്ന വിവരം അറിയുമോ;

(സി) പ്രസ്തുത പണികൾ ഇക്കൊല്ലംതന്നെ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) പ്രസ്തുത ബണ്ട് അടിയന്തിരമായി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിനായി 51 ലക്ഷം രൂപ അടങ്കൽത്തുകയുള്ള ഒരു പദ്ധതി ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി നടത്തുന്നതാണ്.

**59 (3521) കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിൽ കനാൽ റോഡ് ടാറിംഗ് പ്രവൃത്തി**

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിൽ കക്കോടി ബ്രാഞ്ച് കനാൽ റോഡ് ടാറിംഗ് പ്രവൃത്തി നടത്തുന്നതിന് (17.800 മുതൽ 14.300 വരെ) നൽകിയ അപേക്ഷയിൻമേൽ എന്ത് തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിലുള്ള കാലതാമസമൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡ് നന്നാക്കുന്നതിന് എത്രയും പെട്ടെന്ന് അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി)&(സി) കക്കോടി ബ്രാഞ്ച് കനാൽ റോഡ് ടാറിംഗ് നടത്തണമെന്നാവശ്യപ്പെടുന്ന നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിൻമേൽ റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് എൻജിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ റിപ്പോർട്ട് ലഭിച്ചശേഷമേ അനന്തരനടപടികളെക്കുറിച്ച് തീരുമാനിക്കുവാൻ നിർവ്വാഹമുള്ളൂ.

**60 (3524) സർവ്വീസ് സ്ഥിരപ്പെടുത്തുന്നതിന് നടപടി**

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ജലസേചനവകുപ്പിൽ 1992 മുതൽ എച്ച്.ആർ.സി.എൽ.ആർ, എസ്.എൽ.ആർ. വിഭാഗങ്ങളിൽ ജോലിചെയ്തുവരുന്ന ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഈ നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ അംഗീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 19.05.1983-നുശേഷം സി.എൽ.ആർ. തസ്തിക നിലവിലില്ല. ഹാൻഡ് റസീപ്റ്റ് (എച്ച്.ആർ) അടിസ്ഥാനത്തിൽ ജോലിയിലേർപ്പെടുത്തുന്നവരെ സ്ഥിരപ്പെടുത്തുവാൻ നിലവിൽ നിയമങ്ങളില്ല. എസ്.എൽ.ആർ.കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച സംഗതികൾ സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ബി) ഉണ്ട്.

(സി) എച്ച്.ആർ. കാർക്ക് നിലവിലുള്ള നിയമങ്ങളനുസരിച്ച് വേതനം നൽകിവരുന്നുണ്ട്. എസ്.എൽ.ആർ. കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച കാര്യങ്ങൾ മേൽപ്പറഞ്ഞിട്ടുള്ള കമ്മിറ്റിയുടെ സജീവപരിഗണനയിലാണ്.

61 (3525) ഡ്രാഫ്റ്റ്സ്മാൻ തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ്

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയുടെ 28.9.1996-ൽ പുറത്തിറക്കിയ സീനിയോറിറ്റി ലിസ്റ്റ് 16.7.98-ൽ കേരള ഹൈക്കോടതി റദ്ദാക്കാനിടയായ സാഹചര്യം എന്താണ്;

(ബി) പുതുക്കിയ ലിസ്റ്റ് പ്രസിദ്ധീകരിക്കുവാനുള്ള ഹൈക്കോടതി നിർദ്ദേശം ഒരുവർഷം കഴിഞ്ഞിട്ടും നടപ്പാക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പുതുക്കിയ ലിസ്റ്റ് പ്രസിദ്ധീകരിച്ച് സീനിയോറിറ്റി പുനഃസ്ഥാപിച്ചുകിട്ടുന്നതിൽ കാലവിളംബം ഉണ്ടായതിനെപ്പറ്റി ഏതെങ്കിലും ഉദ്യോഗസ്ഥൻ സർക്കാരിന് പരാതി സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് അടിയന്തിരമായി പ്രസിദ്ധീകരിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 8.12.81-ലെ സർക്കാർ ഉത്തരവിൽ വർക്ക് സൂപ്രണ്ടുമാരെ കേരള പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂളിന്റെ പരിധിയിൽ കൊണ്ടുവരികയും ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ നിയമനത്തിനുള്ള അനുപാതം അഞ്ച് സെക്കൻഡ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, രണ്ട്



LIBRARY ARCHIVES Kerala Legislative Assembly